**പതിനാലാം കേരളനിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3173** 10/12/2018 ലെ മറുപടി

**കൂടുതൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : | പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ സർക്കാർ/എയ്ഡഡ് മേഖലയിലെ സ്കൂളുകളിൽ കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നുണ്ടോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; വർദ്ധിച്ച സ്കൂളുകളുടെ വിവരം ലഭ്യമാക്കുമോ; | (എ) ഉണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിൽ സർക്കാർ/ എയ്ഡഡ് മേഖലയിലെ സ്കൂളുകളിൽ 2017-18, 2018-19 വർഷങ്ങളിൽ കുട്ടികളുടെ എണ്ണത്തിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് യഥാക്രമം 1,57,406, 1,85,971 എന്നിങ്ങനെ വർദ്ധനവുണ്ടായിട്ടുണ്ട്. വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായ സ്കൂളുകളുടെ വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്. |
| (ബി) സർക്കാർ/എയ്ഡഡ് മേഖലയിൽ കുട്ടികൾ വർദ്ധിക്കുന്ന സകൂളുകളിലെ അധ്യായനം മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവ സംബന്ധിച്ച് അതാത് ഡി.ഇ.ഒ./എ.ഇ.ഒ മാരുടെ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; | (ബി) ബന്ധപ്പെട്ട ഉദ്യോഗസ്ഥ തലങ്ങളിൽ പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. |
| (സി) കുട്ടികൾ വർദ്ധിക്കുന്ന സ്കൂളുകളിലെ സൗകര്യങ്ങൾ വർധിപ്പിക്കുവാൻ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (സി) നിലവിലുണ്ടാകുന്ന കുട്ടികളുടെ വർദ്ധനവിനെ ഉൾക്കൊള്ളാൻ പര്യാപ്തമായ സൗകര്യങ്ങൾ ഉണ്ടെങ്കിലും പൊതുവെ എല്ലാ വിദ്യാലയങ്ങളുടെയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) കുട്ടികളുടെ എണ്ണം വർദ്ധിക്കുന്ന സ്കൂളുകൾക്കെതിരെ അനാവശ്യമായ പരാതികളുടെ വെളിച്ചത്തിൽ ഡെപ്യൂട്ടി ഡയറക്ടർമാർ നടപടികൾ എടുക്കുന്നതായ പരാതി പൊതു | (ഡി) ഇത്തരം പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി തലത്തിൽ പരിശോധിക്കുമോ; | | |
| (ഇ) | ട്രാഫിക് പ്രശ്നം ഉണ്ടാകുമെന്ന കാര്യം പരിഗണിച്ച് അധ്യായന സമയവും അധ്യായനവും നഷ്ടപ്പെടാതെ സ്കൂളുകളിൽ ക്ലാസ്സ് തുടങ്ങുന്ന സമയവും അവസാനിക്കുന്ന സമയവും ക്രമീകരിക്കുവാൻ അതാത് സ്കൂളുകളെ അധികാരപ്പെടുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; | (ഇ) | പരിഗണനയിലില്ല. |
| (എഫ്) | സ്കൂളിന്റെ സൗകര്യാർത്ഥം അധ്യായനം നഷ്ടമാകാതെ ക്ലാസുകളുടെ സമയം ക്രമീകരിക്കുവാൻ സ്കൂൾ അധികൃതർക്ക് അധികാരം നൽകി ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ; കുട്ടികളുടെ എണ്ണം വർദ്ധിപ്പിച്ച സ്കൂളുകളുടെ എണ്ണം ജില്ലതിരിച്ച് ലഭ്യമാക്കുമോ? | (എഫ്) | സ്കൂളിന്റെ സൗകര്യാർത്ഥം ഓരോ സ്കൂളിനും വ്യത്യസ്തമായ സ്കൂൾ സമയം ക്രമീകരിക്കുവാൻ സ്കൂളുകൾക്ക് അനുമതി നൽകുന്ന പൊതു ഉത്തരവ് പുറപ്പെടുവിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. കുട്ടികളുടെ എണ്ണം വർദ്ധിപ്പിച്ച സ്കൂളുകളുടെ എണ്ണം ജില്ലതിരിച്ച് ശേഖരിച്ച് ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ